# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4479

## 18.5.2017 - ലെ മറുപടിക്ക്

## ട്രഷറി നവീകരണ നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | ട്രഷറി സ്ഥിര നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും, കൂടുതൽ ആകർഷകമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | ട്രഷറികളിൽ സ്ഥിരനിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനായി മിക്ക ധനകാര്യ സ്ഥാപനങ്ങളും നൽകുന്നതിനെക്കാൾ ഉയർന്ന പലിശ നിരക്കാണ് സ്ഥിര നിക്ഷേപങ്ങൾക്ക് ട്രഷറി നൽകുന്നത്. സീനിയർ സിറ്റിസൺ പ്രായപരിധി 60 വയസ്സ് എന്നത് സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമായ 56 വയസ്സാക്കി നിജപ്പെടുത്തിയതിലൂടെ സീനിയർ സിറ്റിസൺ ആയ നിക്ഷേപകർക്ക് ലഭിക്കുന്ന അര ശതമാനം (1/2%) അധിക പലിശ നൽകി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ സ്ഥിര നിക്ഷേപമായി ട്രഷറിയിൽ തന്നെ സ്വീകരിക്കുവാൻ എടുത്ത നടപടിയും സ്ഥിരനിക്ഷേപങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായിരുന്നു. നിക്ഷേപകന് പലിശ നഷ്ടം കൂടാതെ കാലാവധി പൂർത്തിയായ സ്ഥിര നിക്ഷേപം പുതുക്കി നൽകുവാനുള്ള തീരുമാനവും ഇതിന്റെ ഭാഗമായിരുന്നു. കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കി സ്ഥിര നിക്ഷേപങ്ങൾക്ക് പ്രതിമാസ പലിശ ലഭിക്കുന്നതിന് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിയതും നിക്ഷേപ തീയതി മുതൽ ആ മാസം അവസാനം വരെയുള്ള കാലയളവിലേയ്ക്കുള്ള പലിശ അടുത്ത മാസം 1-ാം തീയതി നൽകുകയും |

| | | |
|---|---|---|
| | | തുടർന്നുള്ള പ്രതിമാസ പലിശ 1-ാം തീയതികളിൽ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനാൽ സേവിംഗ്സ് ബാങ്ക് പലിശ ലഭിക്കുവാൻ ഇടയാക്കുമെന്നതും ഏത് ട്രഷറിയിൽ നിന്നും പലിശ കൈപ്പറ്റുവാൻ സാധിക്കും എന്നതും ട്രഷറി സ്ഥിരനിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിന്റെ ഭാഗമായുള്ള നടപടിയുടെ ഭാഗമാണ്. |
| (ബി) | ട്രഷറികളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും, തൃപ്തികരമായ രീതിയിൽ ഇടപെടുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുമോ ? | ട്രഷറികളിൽ എത്തുന്ന നിക്ഷേപകരോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കുന്നതിനും അതുവഴി നിക്ഷേപസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ആവശ്യമായ പരിശീലനം കാലാകാലങ്ങളിൽ ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ ട്രഷറി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇടപാടുകാരോട് തൃപ്തികരമായ രീതിയിൽ ഇടപെടുന്നതിനുതകുന്ന പരിശീലനങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നുണ്ട്. ട്രഷറികളെ നിക്ഷേപ സൗഹൃദമാക്കുന്നതിന് ഐ.എഫ്.എം.എസിന്റെ ഭാഗമായി കൂടുതൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതാണ്. |

**സെക്ഷൻ ഓഫീസർ**